<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 341**</u> <u>**08-08-2023 - ൽ മറുപടിയ്ക്ക്**</u>

<u>**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ട് വിനിയോഗം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ഡോക്ടർ, നേഴ്സ് തുടങ്ങിയവരെ നിയമിക്കുന്നതിന് നിലവിലെ നിബന്ധനകൾ പ്രകാരം എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | തടസ്സങ്ങളില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞ് ഒ.പി സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ 11/05/2017-ലെ വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 2.13 പ്രകാരം തീരുമാനമായിട്ടുള്ളതാണ്.<br><br>എന്നാൽ ഇതിൽ അധികമായി ജീവനക്കാരെ നിയമിക്കണമെങ്കിൽ സ്വന്തമായി ആവർത്തന ചെലവ് കണ്ടെത്തി നിയമിക്കാവുന്നതാണെന്ന് 26/07/2023 ലെ സ.ഉ(സാധാ) നം.1523/2023/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആവർത്തന ചെലവ് വരുന്ന പ്രൊജക്റ്റുകൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും ടി ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. നിയമിതരായവർക്ക് കരാർ കാലാവധി വരെ തുടരുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |
| (ബി) | ഇപ്രകാരം നിയമനം ലഭിക്കുന്നവർക്ക് അവരുടെ സേവനം തുടരുന്നതിൽ നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ? | (ബി) | തടസ്സങ്ങളില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞ് ഒ.പി സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ 11/05/2017-ലെ വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 2.13 പ്രകാരം തീരുമാനമായിട്ടുള്ളതാണ്.<br><br>എന്നാൽ ഇതിൽ അധികമായി ജീവനക്കാരെ നിയമിക്കണമെങ്കിൽ സ്വന്തമായി ആവർത്തന |

| | | | |
|---|---|---|---|
| | | | ചെലവ് കണ്ടെത്തി നിയമിക്കാവുന്നതാണെന്ന് 26/07/2023 ലെ സ.ഉ(സാധാ) നം.1523/2023/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആവർത്തന ചെലവ് വരുന്ന പ്രൊജക്ടുകൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും ടി ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്.<br>നിയമിതരായവർക്ക് കരാർ കാലാവധി വരെ തുടരുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ